**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **22-02-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്നിന്റെ ഉപയോഗം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മയക്കുമരുന്നിന്റെ ഉപയോഗം അപകടകരമായ രീതിയിൽ എത്തിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് ഏജൻസികൾ പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവ് പരിശോധിച്ചതിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു. |
| (ബി) | ക്യാമ്പസുകൾ, ബീച്ചുകൾ, ഉല്ലാസകേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് ലോബിയുടെ പ്രവർത്തനം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ക്യാമ്പസുകൾ, ബീച്ചുകൾ, ഉല്ലാസകേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് ലോബിയുടെ പ്രവർത്തനം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം വിമുക്തി മിഷന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. ടി സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും, റെയ്ഡുകളും, രാത്രികാല പട്രോളിംഗും നടത്തി വരുന്നു. കുട്ടികളും യുവാക്കളുമാണ് ലഹരി ദുരുപയോഗത്തിൽ എളുപ്പത്തിൽ വഴുതി വീഴാൻ സാധ്യതയുള്ളതെന്ന ബോധ്യത്തോടെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകർന്ന് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ